**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
ഗവൺമെന്റ് സെക്രട്ടേറിയറ്റ്

നം.18381/ഡി.സി 2/2009/തസ്വഭവ തിരുവനന്തപുരം, തീയതി: 18.03.2009

**ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി**

മെമ്പർ സെക്രട്ടറി & ജില്ലാ കളക്ടർ
ജില്ലാ ആസൂത്രണസമിതി
തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം/ഇടുക്കി/
എറണാകുളം/തൃശൂർ/പാലക്കാട്/മലപ്പുറം/കോഴിക്കോട്/വയനാട്/
കണ്ണൂർ/കാസറഗോഡ്

സർ,

വിഷയം:- 2008-09 വാർഷിക പദ്ധതി - സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പ്രോജക്ടിന്റെ വിഹിതം ഡെപ്പോസിറ്റ് ചെയ്യുന്നത് സംബന്ധിച്ച്

സൂചന:- 1. സ.ഉ(പി).നം.95/2008/ധന; തീയതി 23.02.2008

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 04.03.2009-ലെ യോഗ തീരുമാനം (ഇനം1.5)

സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പ്രോജക്ട് ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത പ്രോജക്ട് ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനെർട്ട്) മുഖേന ഡെപ്പോസിറ്റ് പ്രവർത്തിയായി നടപ്പാക്കുന്നതിന് സൂചന ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അതിനാൽ 2008-09 വാർഷിക പദ്ധതിയിൽ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പ്രോജക്ട് ഏറ്റെടുത്തിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ, ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം 02.03.2009-നോ അതിനു മുൻപോ ആണ് ലഭിച്ചിട്ടുള്ളതെങ്കിൽ, പ്രസ്തുത പ്രോജക്ടിന് വകയിരുത്തിയിട്ടുള്ള വിഹിതം അനെർട്ടിൽ ഡെപ്പാസിറ്റ് ചെയ്യാവുന്നതാണ്. ഈ വിശദീകരണം താങ്കളുടെ ജില്ലയിൽ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പ്രോജക്ട് ഏറ്റെടുത്തിട്ടുള്ള എല്ലാ തദ്ദേശഭരണ സ്ഥാപന ങ്ങളെയും അറിയിക്കുവാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ

**എസ്.എം. വിജയാനന്ദ്**
**ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി**

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ